"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ-ശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ- ആശ്വാസ നിധി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന (ബി)വകുപ്പ്**

സ.ഉ.(സാധാ) നം.232/2026/WCDD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.701/2018/സാ.നീ.വ തീയതി. 10.12.2018.
2. സ.ഉ.(സാധാ) നം. 101/2021//സാ.നീ.വ തീയതി. 08.11.2021.
3. വനിതാ-ശിശു വികസന ഡയറക്ടറുടെ 29.07.2025, 27.08.2025, 19.05.2026-ലെ DWCD/3491/2022-NCD നം. കത്ത്.

**ഉത്തരവ്**

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി 'ആശ്വാസനിധി' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരവും പ്രസ്തുത പദ്ധതി ഭേദഗതി ചെയ്ത് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. കാസർഗോഡ് ജില്ലാ ശിശു സംരക്ഷണ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നതിൻ പ്രകാരം, കാസർഗോഡ് എൻടി ഹോം ഫോർ ഗേൾസിൽ താമസിക്കുന്ന അതിജീവിത നേരിട്ട ലൈംഗികാതിക്രമത്തിന്റെ മാനസിക ആഘാതം ഇപ്പോഴും അനുഭവിച്ച് വരികയാണെന്നും, സ്വന്തമായി വീടോ, മാതാപിതാക്കളോ (ഉപേക്ഷിച്ച് പോയി) കുട്ടിയ്ക്ക് ഇല്ലായെന്നും, ലൈംഗിക അതിക്രമത്തെ തുടർന്നുള്ള മാനസിക ആഘാതങ്ങളും കുട്ടിയുടെ കുടുംബ പശ്ചാത്തലം, സാമൂഹ്യ സാമ്പത്തിക ചുറ്റുപാട് എന്നിവ കണക്കിലെടുത്ത് അപേക്ഷയിൽ വന്നിട്ടുള്ള കാലതാമസം മാപ്പാക്കി ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി അതിജീവിതയ്ക്ക് 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വനിതാ-ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം വനിതാ-ശിശു

വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, കാസർഗോഡ് ജില്ല ശിശു സംരക്ഷണ ഓഫീസർ ശിപാർശ ചെയ്തിട്ടുള്ള അതിജീവിതയ്ക്ക് ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ച് നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 08-07-2026 12:54:23